**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4407** **06-03-2023 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ സംരംഭ വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംരംഭ വികസന പദ്ധതിയുടെ ഭാഗമായി പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നടപ്പാക്കി വരുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും സംരംഭകരെ സഹായിക്കാൻ ഹെൽപ്പ് ഡെസ്ക് ആരംഭിച്ചു. എല്ലാ പഞ്ചായത്തുകളിലും പൊതു ബോധവൽക്കരണ സെമിനാർ നടത്തി. ഇതിലൂടെ 576 സംരംഭകരെ പരിശീലന പരിപാടികളിൽ പങ്കെടുപ്പിച്ചു. കൂടാതെ എല്ലാ പഞ്ചായത്തുകളിലും ലോൺ, ലൈസൻസ്, സബ്സിഡി മേളകൾ നടത്തി. അതിൽ 613 സംരംഭകർ പങ്കെടുത്തു. 69 ഉദ്യം രജിസ്ട്രേഷനും, 27 കെ-സ്വിഫ്റ്റ് രജിസ്ട്രേഷനും നടത്തി. 148.5 ലക്ഷം രൂപയുടെ ലോൺ അനുവദിക്കുകയും, 175.25 ലക്ഷം രൂപയുടെ ലോൺ അപേക്ഷ സ്വീകരിക്കുകയും ചെയ്തു. എല്ലാ പഞ്ചായത്തുകളിലും അവലോകന യോഗം ചേരുകയും പുരോഗതി വിലയിരുത്തുകയും ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പദ്ധതികളിലൂടെയും മറ്റു പരിശീലന പരിപാടികളിലൂടെയും സംരംഭകരെ കണ്ടെത്തി യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. |
| (ബി) | ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതി പ്രകാരം പൂഞ്ഞാർ മണ്ഡലത്തിൽ എത്ര പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ? | (ബി) | ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതി പ്രകാരം പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ നടപ്പ് സാമ്പത്തിക വർഷം 910 പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 1803 തൊഴിലവസരങ്ങളും 50.99 കോടി രൂപയുടെ നിക്ഷേപങ്ങളും ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ